(ബി) ഇതേവരെ നിലപാടൊന്നും സ്വീകരിച്ചിട്ടില്ല. സുപ്രീംകോടതിയിലെ കേസിൽ കേന്ദ്ര സർക്കാർ കക്ഷി ചേർന്നിട്ടില്ല.

കുത്താമ്പുള്ളിയിൽ നിന്നും കോയമ്പത്തൂർ, പൊള്ളാച്ചി, തിരുപ്പൂർ എന്നീ നഗരങ്ങളിലേയ്ക്ക് അന്തർ സംസ്ഥാന ബസ് ആരംഭിക്കുവാൻ നടപടി

217 (4006) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത കൈത്തറി ഉത്പാദന കേന്ദ്രമായ തിരുവല്ലാമലയിലെ കുത്താമ്പുള്ളിയിൽ നിന്നും തമിഴ്നാട്ടിലെ കോയമ്പത്തൂർ, പൊള്ളാച്ചി, തിരുപ്പൂർ എന്നിവിടങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന ബസ് സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രതിദിനം നൂറുകണക്കിന് ആളുകൾക്ക് തമിഴ്നാട്ടിലെ ടി നഗരങ്ങളിൽ പോയിവരാനുണ്ടാകുന്ന യാത്രാക്ലേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ കുത്താമ്പുള്ളിയിൽ നിന്നും കോയമ്പത്തൂർ, പൊള്ളാച്ചി, തിരുപ്പൂർ എന്നീ നഗരങ്ങളിലേക്ക് അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളവും തമിഴ്നാടും തമ്മിൽ ഉണ്ടാക്കിയിരിക്കുന്ന അന്തർ സംസ്ഥാന കരാറിൽ തിരുവിലാമലയിലെ കുത്താമ്പുള്ളിയിൽ നിന്നും, കോയമ്പത്തൂർ, പൊള്ളാച്ചി, തിരുപ്പൂർ എന്നിവിടങ്ങളിലേയ്ക്ക് സർവ്വീസ് ആരംഭിക്കുന്നതിന് വ്യവസ്ഥ ഇല്ലാത്തതിനാൽ ടി റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. എറണാകുളം, തൃശ്ശൂർ, പാലക്കാട് യൂണിറ്റുകളിൽ നിന്നും കോയമ്പത്തൂർ, പൊള്ളാച്ചി, തിരുപ്പൂർ എന്നീ സ്ഥലങ്ങളിലേയ്ക്ക് നിലവിൽ ആവശ്യത്തിന് കെ. എസ്. ആർ. ടി. സി. സർവ്വീസ് നടത്തുന്നുണ്ട്.

(ബി) ഈ റൂട്ടിൽ നിലവിൽ യാത്രാക്ലേശം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉത്തരം എ പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ട്രാൻസ്പോർട്ട് ഭവനിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളുടെ വൈദ്യുതി കണക്ഷൻ

218 (4007) ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടികളുടെ വൈദ്യുതി കുടിശ്ശിക വരുത്തിയതിനെ തുടർന്ന് തിരുവനന്തപുരത്തെ ട്രാൻസ്പോർട്ട് ഭവനിൽ പ്രവർത്തിക്കുന്ന ചില സർക്കാർ സ്ഥാപനങ്ങളുടെ വൈദ്യുതി കണക്ഷൻ കെ.എസ്.ആർ.ടി.സി. വിച്ഛേദിക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly